# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6638 — 09-07-2014-ൽ മറുപടിക്ക്.

## ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിലെ ഉൽപാദനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) | ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡ്, ചാക്ക എന്ന സ്ഥാപനത്തിൽ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപയുടെ ഉല്പാദനം നടത്തിയിട്ടുണ്ട് എന്ന് വർഷത്തിന്റെ അടിസ്ഥാനത്തിലുളള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | 2013-14 സാമ്പത്തിക വർഷത്തെ കണക്കെടുപ്പും ഓഡിറ്റും നടന്നു കൊണ്ടിരിക്കുകയാണ്. 2012-13 സാമ്പത്തിക വർഷത്തിൽ 25.95 കോടി രൂപയുടെ വില്പന നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനം 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നത്; എങ്കിൽ ഓരോ വർഷത്തേയും ലാഭം / നഷ്ടം കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | 2013-14 സാമ്പത്തിക വർഷത്തെ കണക്കെടുപ്പും ഓഡിറ്റും നടന്നു കൊണ്ടിരിക്കുകയാണ്. 2012-13 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് ചെയ്യപ്പെട്ട കണക്കനുസരിച്ച് കമ്പനിയുടെ ഉൽപ്പാദനം 2011-12 വർഷത്തെക്കാൾ 42.26% ത്തോളം വർദ്ധിച്ചെങ്കിലും കമ്പനിയ്ക്ക് 3.24 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. |
| (സി) | 2008 മുതൽ ഇതുവരെ കമ്പനിയുടെ സഞ്ചിത നഷ്ടം എത്രയാണ്; | (സി) | 2012-13 ഓഡിറ്റ് ചെയ്ത വർഷത്തെ കണക്കു പ്രകാരം കമ്പനിയുടെ സഞ്ചിത നഷ്ടം 20.09 കോടി രൂപയാണ്. |
| (ഡി) | 2012-ൽ ഉദ്ഘാടനം ചെയ്ത മിസൈൽ ഇന്റഗ്രേഷൻ സെന്ററിൽ 2013-14 വർഷത്തിൽ എത്ര രൂപയുടെ ഉത്പാദനം നടന്നു; 2012 ജനുവരി മുതൽ 2012 ഡിസംബർ വരെയുളള മാസങ്ങളിൽ ഓരോ മാസവും നടന്ന ഉത്പാദനമെത്രയാണ് എന്ന് വിശദമാക്കാമോ ; | (ഡി) | മിസൈൽ ഇന്റഗ്രേഷൻ സെന്റർ 2012 നവമ്പറിൽ ഉദ്ഘാടനം ചെയ്യപ്പെടുകയും 2013 ഫെബ്രുവരിയിൽ ആദ്യ വില്പന നടത്തുകയുമുണ്ടായി. 2013 കലണ്ടർ വർഷത്തിൽ മിസൈൽഇന്റഗ്രേഷൻ വഴി 2.13 കോടി രൂപയുടെ മൂല്യവർദ്ധന ഉണ്ടായിട്ടുണ്ട്. ആയത് ബി.എ.ടി.എൽ. ന്റെ വരുമാനത്തിൽ മുതൽ ക്കൂട്ടാവുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | കമ്പനിയിലെ റിക്രൂട്ട്മെന്റ് വ്യവസ്ഥ കൾ എങ്ങനെയെന്ന് വെളിപ്പെടു ത്താമോ; റിക്രൂട്ട്മെന്റിൽ സംവ രണം പാലിക്കുന്നുണ്ടോ ; | (ഇ) | കമ്പനിയിലെ ഒഴിവുകൾ നികത്തുന്നതിന് അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം പ്രമുഖ ദിന പത്രങ്ങളിലും കമ്പനി വെബ്സൈറ്റിലും പ്രസിദ്ധീകരിക്കാറുണ്ട്. സാങ്കേതിക വിദഗ്ദരടങ്ങിയ സമിതി നടത്തുന്ന അഭിമുഖത്തിൽ പ്രകടന മികവിനനുസരിച്ചാണ് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത്. കമ്പനി സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്ഥാപനമല്ലാത്തതി നാൽ സംവരണ നയം പാലിക്കുന്നില്ല. |
| (എഫ്) | ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ഡയറ ക്ടർ ബോർഡ് കൈക്കൊണ്ടിട്ടു ണ്ടോ; എങ്കിൽ എപ്പോൾ നടപ്പി ലാക്കും എന്ന് വ്യക്തമാക്കാമോ? | (എഫ്) | ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 ൽ നിന്ന് 60 വയസ്സാക്കുന്ന കാര്യം കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് ചർച്ച ചെയ്യുകയും, ഇത് സംബന്ധിച്ച് ഒരു തീരുമാനം കമ്പനി ലാഭത്തിലായതിനുശേഷം മതിയെന്ന് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ